

# ‘നിയമവ്യവസ്ഥ ഫലപ്രദമാവണമെങ്കിൽ ന്യായാധിപന്മാർ നന്നാവണം’

● സി. ഖാലിദ്/ ടി.വി മുഹമ്മദലി

എറണാകുളം ജില്ലാ റിട്ട.ജഡ്ജിയും മുൻ ലോ സെക്രട്ടറിയുമാണ് സി.ഖാലിദ്

**ഇന്ത്യയിലെ നിയമവ്യവസ്ഥക്ക് പരിമിതികളുണ്ടെന്ന വാദം ശക്തിപ്പെട്ടിരിക്കുന്നു. താങ്കളുടെ വീക്ഷണം?**

നിയമവ്യവസ്ഥയേക്കാളേറെ പരിമിതികൾ ന്യായാധിപന്മാർക്കാണ്. ഈ പരിമിതികൾ അവർ സ്വയം സൃഷ്ടിച്ചതുമാണ്. നീതിപൂർവകവും സത്യസന്ധവുമായി വിധി പ്രസ്താവിക്കാൻ പറ്റാത്ത വിധം ന്യായാധിപന്മാർ പല പ്രവണതകൾക്കും വശംവദരായി മാറി എന്നതാണ് പരിമിതി. ഈ പരിമിതിയിൽ കുടുങ്ങാത്തവർക്ക് നമ്മുടെ ജുഡീഷ്യറിയുടെ ധർമം ഉയർത്തിപ്പിടിക്കാൻ കഴിയുന്നുമുണ്ട്.

**നമ്മുടെ നിയമങ്ങൾ എഴുതിയ കാലത്തേതിൽനിന്ന് സാമൂഹിക സാഹചര്യങ്ങളിൽ വമ്പിച്ച മാറ്റങ്ങളുണ്ടായിരിക്കെ നിയമവ്യവസ്ഥ പരിഷ്കരിക്കേണ്ടതല്ലേ?**

നിയമപരിഷ്കരണത്തേക്കാൾ ഇപ്പോൾ പ്രാധാന്യം ന്യായാധിപന്മാർ നന്നാവുക എന്നതിനാണ്. ന്യായാധിപന്മാരുടെ ആത്മാർഥതയില്ലായ്മയും പക്ഷപാതിത്വവും മനുഷ്യത്വമില്ലായ്മയുമൊക്കെ നമ്മുടെ ജുഡീഷ്യറിയെ തരംതാഴ്ത്തിയേക്കും.

**വർഷങ്ങളോളം വിചാരണത്തടവുകാരായി ജയിലിലടച്ചവരെ ഒടുവിൽ, നിരപരാധികളാണെന്നു തെളിഞ്ഞ് കോടതി തന്നെ കുറ്റമുക്തമാക്കുന്നു. ഇത് സിസ്റ്റത്തിന്റെ അപര്യാപ്തത കൊണ്ടല്ലേ?**

അല്ല. ന്യായാധിപന്മാരുടെ കുഴപ്പമാണ്. അവർ സിസ്റ്റത്തിന്റെ സ്പിരിറ്റും ധർമവുമുൾക്കൊണ്ട് പ്രവർത്തിച്ചാൽ ഈ ദുരന്തമൊഴിവാക്കാം. എല്ലാ പരിഷ്കൃത രാജ്യങ്ങളിലും ജയിലിലല്ല, ‘ബെയിലി’(ജാമ്യം)ലാണ് അവകാശം. കുറ്റക്കാരനാണെന്ന് തെളിയിക്കപ്പെടാത്തേടത്തോളം ഒരാൾ നിരപരാധിയാണ്. പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതികളെ ജയിലിലടക്കുന്നത് ഏറ്റവും വലിയ മനുഷ്യാവകാശ ലംഘനമാണ്. ഇന്ത്യയിൽ രണ്ടു ലക്ഷത്തിലേറെ തടവുകാർ ജയിലിലുണ്ട്. ഇതിൽ 19 ശതമാനമാണ് കുറ്റവാളികൾ. ബാക്കി വിചാരണത്തടവുകാരാണ്. ഇവരുടെ വിചാരണ കഴിഞ്ഞാൽ ഇന്നത്തെ അനുപാതമനുസരിച്ച് 20 ശതമാനമാണ് കുറ്റവാളികൾ. ബാക്കി 60 ശതമാനവും നിരപരാധികളാണെന്ന് പിന്നീട് കോടതി വിധിക്കും. ജാമ്യത്തിന്റെ ഉദ്ദേശ്യംതന്നെ പോലീസോ ഭരണാധികാരികളോ വിചാരണ കൂടാതെ ശിക്ഷിക്കുന്നതിനെതിരായിട്ടാണ്. ഈ 60 ശതമാനത്തിനും നീതി നിഷേധിക്കപ്പെടുകയാണ്. ഇത് സിസ്റ്റത്തിന്റെ പരിമിതിയല്ല, ന്യായാധിപന്മാരുടെ കുഴപ്പമാണ്. അവർ ജാമ്യം നിഷേധിക്കുന്നതുകൊണ്ടാണിത്.

**കുറ്റാരോപിതർക്ക് ജാമ്യം ലഭിക്കാതിരിക്കാനുള്ള നിയമതടസ്സമെന്താണ്?**

ജാമ്യം നിഷേധിക്കുന്നതിന് മൂന്ന് കാരണങ്ങളേയുള്ളൂ: ജാമ്യത്തിൽ വിട്ടുകഴിഞ്ഞാൽ പ്രതി തെളിവുകൾ നശിപ്പിക്കുക, സാക്ഷികളെ സ്വാധീനിക്കുക, രാജ്യം വിട്ട് വിചാരണയിൽനിന്ന് രക്ഷപ്പെടുക. ഇവ സംഭവിക്കുമെന്ന് ഉറപ്പുണ്ടെങ്കിലേ ജാമ്യം നിഷേധിക്കാവൂ. പ്രതികൾ രാജ്യം വിട്ട് രക്ഷപ്പെടുന്നത് ഇന്നുവരെയുള്ള കണക്കനുസരിച്ച് ഒരു ശതമാനമേ ഇന്ത്യയിൽ സംഭവിച്ചിട്ടുള്ളൂ. സാക്ഷികളെ വിസ്തരിച്ച് കോടതി കുറ്റം തെളിയിക്കുന്നതുവരെ പ്രതി നിരപരാധിയാണ്. കുറ്റം തെളിയിക്കേണ്ടത് കോടതിയാണ്. പരാതിക്കാരനാണ് തെളിവുകൾ നിരത്തേണ്ടത്. പ്രതി കൂട്ടിൽനിന്നാൽ മാത്രം മതി. ഇത്രയും സംസ്കൃതമായ ഒരു നിയമത്തിന്റെ ക്രൂരമായ ലംഘനമാണ് കോടതികൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. വിചാരണ നടക്കും മുമ്പ് ശിക്ഷിക്കുകയെന്നത് കിരാത നടപടിയാണ്.

**കുറ്റകൃത്യങ്ങളുടെ വൈവിധ്യവും ബാഹുല്യവും ജുഡീഷ്യറിയിൽ പരിഷ്കരണം അനിവാര്യമാക്കുന്നില്ലേ?**

ന്യായാധിപന്മാർക്ക് ആത്മാർഥതയുണ്ടെങ്കിൽ ജുഡീഷ്യറിയുടെ പവിത്രത കാക്കാൻ കഴിയും. ഇന്ദിരാഗാന്ധി വധക്കേസിൽ ഒരു നിരപരാധിയെ സുപ്രീം കോടതി വരെ തൂക്കിക്കൊല്ലാൻ വിധിച്ചില്ലേ? രാം ജത്മലാനിയുടെ വാദം കേട്ട് തൂക്കിക്കൊല്ലുന്നതിന് തൊട്ടുമുമ്പ് കോടതി ഇയാളെ രക്ഷപ്പെടുത്തുകയായിരുന്നു. അയാൾ വല്ല തെറ്റും ചെയ്തിട്ടാണോ ഇതൊക്കെ സഹിച്ചത്? പ്രഫ. ഗീലാനിയുടെ കഥയെന്താണ്? ഇതിനൊക്കെ കാരണം സത്യനിഷ്ഠയില്ലാത്ത പോലീസും അവരെ കണ്ണടച്ചു വിശ്വസിക്കുന്ന ന്യായാധിപന്മാരുമാണ്. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുതെന്ന തത്ത്വത്തിലൂന്നിയ ജുഡീഷ്യറിയാണ് ഇന്ത്യയിൽ രണ്ടു ലക്ഷത്തോളം പേരെ കുറ്റം തെളിയിക്കാതെ ജയിലിലടച്ചിട്ടിരിക്കുന്നത്! ഇവർക്ക് ജാമ്യം നൽകുന്നില്ലെങ്കിൽ വേണ്ട. വിചാരണ നടത്തി ശിക്ഷിക്കട്ടെ.

അല്ലാതെ ജാമ്യം നൽകാതെയും വിചാരണ നടത്താതെയും ശിക്ഷിക്കുന്നത് കടുത്ത അനീതിയല്ലേ? വാസ്തവത്തിൽ ശിക്ഷിക്കുന്നത് പ്രതികളെയല്ല, ഇവരെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങളെയാണ്. ഇത് നിയമത്തിന്റെ ദൂഷ്യമല്ല. നടപ്പാക്കുന്നവരുടെ കുഴപ്പമാണ്. വാസ്തവത്തിൽ സത്യസന്ധരും ധീരരുമായ ന്യായാധിപന്മാർ ജുഡീഷ്യറിയുടെ പവിത്രത കാത്തുസൂക്ഷിക്കുന്നുണ്ട്. ഇത്തരം ന്യായാധിപന്മാരിലൂടെ ജുഡീഷ്യറിയുടെ ധർമം പുലർത്താൻ കഴിയും. ജുഡീഷ്യറിയുടെ പരിഷ്കരണം അനിവാര്യമാണ്. തുടങ്ങേണ്ടത് ന്യായാധിപന്മാരിൽനിന്നാവണം.

**വിചാരണത്തടവുകാരിൽ ഭൂരിഭാഗവും നിരപരാധികളാണെന്ന് കോടതി കണ്ടെത്തുന്നു. അപ്പോൾ ഇവർക്കെതിരെ കള്ളക്കേസുകൾ ഉണ്ടാക്കിയവർ ശിക്ഷിക്കപ്പെടേണ്ടതല്ലേ?**

തീർച്ചയായും. കള്ളക്കേസുകളുണ്ടാക്കിയ അന്യായക്കാരെയും അവർക്ക് അനുകൂലമായി അന്വേഷണം നടത്തുന്ന പോലീസിനെയും ശിക്ഷിക്കാനുള്ള നിയമം വേണം. ഹൈക്കോടതിയോ സുപ്രീം കോടതിയോ പ്രതി നിരപരാധിയാണെന്ന് വിധിച്ചുകഴിഞ്ഞാൽ, വിചാരണത്തടവിൽ വെച്ച ന്യായാധിപന് പിന്നെ പ്രമോഷൻ കൊടുക്കരുത്. രാഷ്ട്രീയക്കാർ പോലീസിനെ ഉപയോഗിച്ച് കള്ളക്കേസുകളിൽ നിരപരാധികളെ ഉൾപ്പെടുത്തുന്നതുകൊണ്ടാണ് 1974 മുതൽ മുൻകൂർ ജാമ്യം ഏർപ്പെടുത്തിയത്. മുൻകൂർ ജാമ്യത്തിന്റെ ഉദ്ദേശ്യമായി പറഞ്ഞിട്ടുള്ളത്, രാഷ്ട്രീയ സ്വാധീനവും ഭരണാധികാരവുമുള്ളവർ നിരപരാധികൾക്കെതിരെ കള്ളക്കേസുകളുണ്ടാക്കുന്നതിൽനിന്ന് രക്ഷപ്പെടാൻ വേണ്ടിയാണെന്നാണ്. ഇപ്പോൾ ന്യായാധിപന്മാർ മുൻകൂർ ജാമ്യവും അനുവദിക്കുന്നില്ല. കുറ്റകൃത്യങ്ങൾ പെരുകുന്നുണ്ട്. അതിന് കടുത്ത ശിക്ഷ നൽകണം. കുറ്റം ചെയ്യാത്തവരെ കൊണ്ടുപോയി ശിക്ഷിക്കാൻ പാടില്ല. കുറ്റങ്ങളുടെ ഗൗരവം കൂടുന്നതിനനുസരിച്ച് തെളിവുകൾ എടുക്കുന്നേടത്ത് ജഡ്ജിമാരുടെ ആറ്റിറ്റ്യൂഡ് വളരെ കർശനമായിരിക്കണം. രാഷ്ട്രീയ അതിപ്രസരം, സത്യസന്ധതയില്ലായ്മ, പോലീസ് അതിക്രമം, കൈക്കൂലി, ന്യായാധിപന്മാരുടെ ഭീരുത്വം ഇതൊക്കെയാണിവിടെ നിരപരാധികളെ വിചാരണത്തടവുകാരാക്കുന്നത്. പല ന്യായാധിപന്മാരും മാനസികമായി പ്രോസിക്യൂട്ടർമാരാണു താനും. 15 വർഷത്തെ എന്റെ ജുഡീഷ്യറി അനുഭവത്തിൽ ഒരുപാട് കള്ളക്കേസുകൾ വന്നുപെട്ടിട്ടുണ്ട്. മുൻ പ്രധാനമന്ത്രി ചന്ദ്രശേഖറിന്റെ അഗളി ശാന്തിവനത്തിലെ ഒരു അന്തേവാസി, മലമ്പുഴ ഡാമിന്റെ മറുകരയിൽ കഞ്ചാവുകൃഷി നടന്നുവരുന്നതായി അധികൃതരെ അറിയിച്ചു. തുടർന്ന് 50 ചാക്ക് കഞ്ചാവ് അവിടെനിന്ന് പിടികൂടി. ഈ അന്തേവാസി കോട്ടയത്തുകാരനായിരുന്നു. കോട്ടയം റെയിൽവേ സ്റ്റേഷനിൽ വെച്ച് ഇയാളെ പോലീസിനെക്കൊണ്ട് പിടിപ്പിച്ചു. ഓട്ടോറിക്ഷയിൽ കഞ്ചാവ് കൊണ്ടുപോകുമ്പോൾ പിടികൂടിയെന്ന് കള്ളക്കേസുണ്ടാക്കി. നേരത്തേ പോലീസിനോട് കയർത്തു സംസാരിച്ചതിന് നോട്ടപ്പുള്ളിയായിരുന്ന ഒരു ഓട്ടോറിക്ഷാ ഡ്രൈവറെയും പ്രതിചേർത്തു. ഞാനവിടെ ജില്ലാ ജഡ്ജിയായി എത്തിയപ്പോൾ ഒന്നര വർഷമായി ഇവർ ജയിൽശിക്ഷ അനുഭവിച്ചുവരികയായിരുന്നു. അപ്പോഴാണ് നാർക്കോട്ടിക് എസ്.പി ഈ അന്തേവാസിക്ക് പാരിതോഷികവുമായി വരുന്നത്–അന്ന് കഞ്ചാവ് കൃഷിയെപ്പറ്റി അധികൃതർക്ക് വിവരം നൽകിയതിന്. ഈ ഉദ്യോഗസ്ഥൻ തെളിവു നൽകിയപ്പോൾ ഞാൻ ഇവർ രണ്ടുപേരെയും വിട്ടയച്ചു. അങ്ങനെ ഒരുപാട് അനുഭവങ്ങളുണ്ട്.

സരായിരോഹിലെ രണ്ടു കുട്ടികൾ ഘാതകരായി ശിക്ഷ വിധിക്കപ്പെട്ട ഒരു കഥ ഒ.വി വിജയൻ തന്റെ ലേഖനത്തിൽ പറയുന്നുണ്ട്. 15–ഉം 16–ഉം വയസ്സുകാരായ റോഷൻകുമാറും സതീശ് ചന്ദ്രനും കൂലിവേലക്കാരാണ്. കുടുംബഭാരത്താൽ, ഇവർ കൂടുതൽ വരുമാനം സ്വപ്നം കണ്ട് മുംബൈയിലേക്ക് വണ്ടി കയറി. സമപ്രായക്കാരനായ രാജുവും അവരോടൊപ്പം കൂടി. യാത്രക്കിടെ റോഷൻ ബെർത്തിൽനിന്ന് താഴെ വീണു പരിക്കേറ്റു. സതീശ് അവനെയും കൂട്ടി ഗ്രാമത്തിലേക്ക് മടങ്ങി. പക്ഷേ, രാജുവിന്റെ അമ്മക്ക് രാജുവിനെപറ്റി ഇവർ പറഞ്ഞത് വിശ്വാസമായില്ല. രാജുവിനെ ഇവർ കൊലപ്പെടുത്തി എന്ന് അമ്മ ഊഹിച്ചു. പോലീസ് റോഷനെയും സതീശിനെയും ഭേദ്യം ചെയ്ത് കുറ്റം സമ്മതിപ്പിച്ചു. ചോര പുരണ്ട വസ്ത്രവും കൊലപാതകത്തിനുപയോഗിച്ച കത്തിയും പോലീസ് ഹാജരാക്കി. പിന്നീട് ചീഞ്ഞളിഞ്ഞ ജഡവും പോലീസ് കണ്ടെടുത്തു. ഇതോടെ ശിക്ഷാ വിധിക്ക് എല്ലാം ഒത്തിണങ്ങി–പ്രായം തികഞ്ഞവരായിരുന്നെങ്കിൽ വധശിക്ഷ വരെ. പക്ഷേ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് രാജു തിരിച്ചുവന്നു. ഇങ്ങനെ എത്രയെത്ര കഥകൾ. നമ്മുടെ എവിഡൻസ് ആക്ട് ശക്തമാണ്. പ്രതി പോലീസിന്റെ മുന്നിൽ നടത്തുന്ന കുറ്റസമ്മതം തെളിവല്ലെന്നു പറയുന്നുണ്ട് അതിൽ. പ്രതികൾക്കെതിരായ തെളിവുകൾ വളരെ ശക്തമായിരിക്കണം. അതുകൊണ്ടാണ് സംശയത്തിന്റെ അനുകൂല്യം നൽകി പ്രതികളെ വിടുന്നത്. ഇപ്പോൾ അത് മാറിയിരിക്കുന്നു. സംശയത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിപ്പോൾ അന്യായക്കാർക്കാണ്. മാറാട് കേസിൽ കടുത്ത അനീതിയല്ലേ നടക്കുന്നത്? 134 വിചാരണത്തടവുകാരാണ് വർഷങ്ങളായി ജയിലിനകത്ത്. അവരുടെ വൃദ്ധരായ മാതാപിതാക്കൾ, ഭാര്യമാർ, മക്കൾ എന്നിവർ തീർത്തും നിരാലംബരാണ്. അതേസമയം ഇരട്ടക്കൊലപാതക കേസിൽ പ്രതികളെന്ന് പോലീസ് ആരോപിക്കുന്നവർ ജയിലിനു പുറത്താണു താനും. ജനാധിപത്യത്തിൽ ജാമ്യം പൗരന്മാരുടെ അവകാശവും ജയിൽ അപവാദവുമാണെന്നാണ് ജ. കൃഷ്ണയ്യരെപ്പോലുള്ളവർ വിശ്രുതങ്ങളായ പല വിധികളിലും പറഞ്ഞിട്ടുള്ളത്. പോലീസുകാർ മാലാഖമാരാണെന്നും പ്രതികളെല്ലാം ചെകുത്താന്മാരാണെന്നും കരുതരുത്. ഈ മുൻവിധി മൂലമാണ് പ്രതികൾക്ക് ജാമ്യം ലഭിക്കാതെ പോകുന്നതും അവരെ വിചാരണത്തടവുകാരാക്കി ജയിലിലിടുന്നതും. ജയിലിൽ തല്ലാതിരിക്കാൻ പ്രതികളിൽനിന്ന് കൈക്കൂലി വാങ്ങുന്ന ജയിൽ ഉദ്യോഗസ്ഥരുണ്ട്. രാജൻപിള്ളയുടെ കഥ ഓർമയില്ലേ? ജയിലിൽ കിടക്കുന്നവരെ കാണാൻ അവരുടെ ഭാര്യമാർക്ക് ഒറ്റക്കു പോകാൻ പറ്റാത്ത സാഹചര്യമാണുള്ളത്. കുപ്രസിദ്ധമായ തീഹാർ ജയിൽ നിറക്കപ്പെട്ടിട്ടുള്ളത് നിരപരാധികളെക്കൊണ്ടാണെന്ന് 'തെഹൽക'യുടെ കുമാർ ബാദൻ എഴുതുകയുണ്ടായി: ഹസൻ വർഷങ്ങളായി തീഹാർ ജയിലിലെ അന്തേവാസിയാണ്. സ്കൂട്ടർ മോഷണമാണ് കുറ്റം. ശിക്ഷ കഴിഞ്ഞ് ഇയാൾ പുറത്തിറങ്ങി. ഏറെ നാൾ കഴിയും മുമ്പ് വീണ്ടും തീഹാർ ജയിലിലെത്തി. ഇത്തവണത്തെ കുറ്റം ഓട്ടോറിക്ഷ മോഷ്ടിച്ചു എന്നാണ്. വാസ്തവത്തിൽ ഇയാൾക്ക് സ്കൂട്ടർ ഓടിക്കാൻ പോലും അറിയില്ലത്രെ! നായനാരുടെ ഭരണകാലത്തുണ്ടായ സംഭവം ഓർമയില്ലേ? തീവ്രവാദികൾ എറണാകുളം റെയിൽവേ സ്റ്റേഷനിൽ സമ്മേളിച്ച്, മുഖ്യമന്ത്രിയെ വധിക്കാനും സംസ്ഥാനത്തെ റെയിൽപാലങ്ങൾ ബോംബിട്ട് തകർക്കാനും ജനങ്ങളെ കൂട്ടക്കൊല ചെയ്യാനും പ്ലാനിട്ടത് പോലീസ് കണ്ടുപിടിച്ചുവെന്നായിരുന്നു വാർത്ത. പൊതുതെരഞ്ഞെടുപ്പിന് തൊട്ടു മുമ്പായിരുന്നു അത്. എറണാകുളം, കണ്ണൂർ ജില്ലകളിൽനിന്ന് കുറേ ചെറുപ്പക്കാർ തീവ്രവാദികളാണെന്നാരോപിക്കപ്പെട്ട് തടവിലാക്കപ്പെട്ടു. അവരുടെ ജാമ്യഹരജികൾ തള്ളി. മാസങ്ങളോളം അവർ വിചാരണത്തടവുകാരായി. പിന്നീട് കോടതി അവരെ നിരുപാധികം വിട്ടയച്ചു. കള്ളക്കേസുകളുണ്ടാക്കുന്നവർക്കെതിരെ നടപടിയെടുക്കുകയും പോലീസിനെ കണ്ണടച്ച് വിശ്വസിച്ച് പൗരന്മാർക്ക് നീതി നിഷേധിക്കുന്ന ന്യായാധിപന്മാരെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കാതിരിക്കുകയും ചെയ്യുമ്പോഴേ ഇതിനൊക്കെ അറുതിവരൂ.

■